വിവരാവകാശം/മറുപടി

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :22-12-2022
Email - swdkerala@gmail.com
Phone - 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീ.സൈനുദ്ദീൻ.എം
ഇടപറമ്പിൽ (ബോംബൈ ഹൗസ്)
പോളശ്ശേരി. വൈക്കം പി.ഒ
കോട്ടയം ജില്ല - 686 141

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് – വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 08.12.2022 തീയതിയിലെ അപേക്ഷ.

സുചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആയതിന്റെ മറുപടി ചുവടെ ചേർക്കുന്നു.

1.ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള സഹായ പദ്ധതികൾ - സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാർക്കായി (ബുദ്ധി മാന്ദ്യം ഉൾപ്പെടെ) നടപ്പിലാക്കി വരുന്ന സഹായ പദ്ധതികൾ ചുവടെ ചേർക്കുന്നു.

a. വിദ്യാജ്യോതി - സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒൻപതാം ക്ലാസ്സ് മുതൽ P G തലം വരെയുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം
b. ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - 40% യോഗ്യതാ മാർക്കുള്ള ഒന്നാം ക്ലാസ് മുതൽ Professional, PG courses വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.
c. വിദൂര വിദ്യാഭ്യാസ ധനസഹായം - വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽ തന്നെ പഠനം നടത്തുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഓപ്പൺ സ്കൂൾ/കോളേജ്, വിദൂര വിദ്യാഭ്യാസം മുഖേന ഡിഗ്രി തലത്തിലും പി.ജി തലത്തിലും വിദ്യാഭ്യാസം ചെയ്യുന്നതിന് ഒരു വർഷം വരെ പരമാവധി 10,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി.
d. വിജയാമൃതം - ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളിൽ ബിരുദം/തത്തുല്യ കോഴ്സുകൾ, ബിരുദാനന്തര ബിരുദം / പ്രൊഫഷണൽ ബിരുദം വിഭാഗങ്ങളിൽ

ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് ധനസഹായം നൽകുന്ന പദ്ധതി.

e. പരിണയം II - സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി.

f. നിരാമയ - നാഷണൽ ട്രസ്റ്റ് ആക്റ്റ്, 1999 പരിധിയിൽ ഉൾപ്പെടുന്ന (ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ്) ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ഒരു ലക്ഷം രൂപ വരെ ആരോഗ്യ ഇൻഷുറൻസ് നല്കുന്നതിനുള്ള പദ്ധതി. സാമൂഹ്യനീതി വകുപ്പിന്റെ പോർട്ടലിൽ നിന്നും അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് ജില്ലാതല ലോക്കൽ ലെവല് കമ്മറ്റിക്ക് നേരിട്ട് അപേക്ഷ നൽകുന്നതിനും സാധിക്കും.

g. വികലാംഗ ദുരിതാശ്വാസ നിധി - ഭിന്നശേഷിക്കാർക്ക് ചികിത്സയ്ക്കായി പരമാവധി 5000/- രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി.

h. മാതൃജ്യോതി - ഭിന്നശേഷി അവകാശ നിയമം, 2016 പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിന് മാസം 2000/- രൂപ ക്രമത്തിൽ 24 മാസം വരെ ധനസഹായം നൽകുന്ന പദ്ധതി.

i. നിയമപരമായ രക്ഷാകർതൃത്വം - നാഷണൽ ട്രസ്റ്റ് ആക്റ്റ്, 1999 പ്രകാരം ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവ ബാധിച്ച വ്യക്തികൾക്ക് നിയമപരമായി രക്ഷകർത്താവിനെ കണ്ടെത്തി ലീഗൽ ഗാർഡിയൻഷിപ്പ് നല്കുന്നു.

j. പരിരക്ഷാ പദ്ധതി - സർക്കാരിന്റെ/ വകുപ്പിന്റെ മറ്റ് പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ കഴിയാത്തതും വളരെ പരിതാപകരമായ അവസ്ഥയിലുള്ള ഭിന്നശേഷിക്കാർക്കും ഒന്നിൽ കൂടുതൽ ഭിന്നശേഷിക്കാരായ വ്യക്തികൾ ഉള്ള, കുടുംബങ്ങൾക്കും ധനസഹായം അനുവദിക്കുന്ന പദ്ധതി. അടിയന്തിര സാഹചര്യം നേരിടേണ്ടി വരുന്ന ഭിന്നശേഷിക്കാർക്ക് ആയത് അതിജീവിക്കുന്നതിനും ധനസഹായം അനുവദിക്കുന്നു.

k. ശ്രേഷ്ഠം പദ്ധതി - കലാ-കായിക രംഗത്ത് മികവ് പുലർത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് 10,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി.

l. പരിമിത രക്ഷകർതൃത്വം (Limited Guardianship) - ഒരു വ്യക്തിയെ സംബന്ധിച്ചോ ആ വ്യക്തിയുടെ വസ്തുവകകളെ സംബന്ധിച്ചോ നിയമ സാധുതയുള്ള തീരുമാനം കൈക്കൊള്ളുന്നതിന് ശാരീരിക-മാനസിക പരിമിതികളുള്ളവർക്ക് വേണ്ടി ഒരു നിശ്ചിത കാലയളവിൽ ഒരു പ്രത്യേക കാര്യം നിർവ്വഹിക്കുന്നതിനുവേണ്ടി ഭിന്നശേഷിക്കാരന്റെ സമ്മത പ്രകാരം മറ്റൊരു വ്യക്തിയെ ചുമതലപ്പെടുത്തുന്ന സംവിധാനമാണ് പരിമിത രക്ഷാകർതൃത്വം.

m. അതിജീവനം - നിരാലംബരും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നതുമായ ഭിന്നശേഷിക്കാരുടെ അഭിരുചികൾ കണ്ടെത്തി തൊഴിൽ പരിശീലനം നല്കി പുനരധിവസിപ്പിക്കുന്നതിനായി സർക്കാരിതര ഏജൻസികളുടെ സഹകരണത്തോടെ ഭിന്നശേഷിക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്ന പദ്ധതി.

n. മൊബിലിറ്റി മിഷൻ കേരള പദ്ധതി - സെറിബ്രൽ പാൾസി ഉൾപ്പടെ ബുദ്ധിപരവും ശാരീരികവുമായി പരിമിതികളുള്ള കുട്ടികളെ കണ്ടെത്തി സാധ്യമായ വൈദ്യശാസ്ത്ര പരിചരണവും (കറക്റ്റീവ് സർജറി ഉൾപ്പടെ) പുനരധിവാസവും, രക്ഷിതാക്കൾക്ക് പരിശീലനവും നല്കുന്ന പദ്ധതി മലപ്പുറം വളാഞ്ചേരി വി.കെ.എം. സ്പെഷ്യൽ-സ്കൂളിന്റെ സംയുക്ത സംരംഭമായി നടപ്പിലാക്കി വരുന്നു.

o. CDMRP (Community Disability Management and Rehabilitation Programme)- സമൂഹത്തിൽ പ്രത്യേക പരിഗണനയും പരിചരണവും ആവശ്യമുള്ള ബുദ്ധിവികാസ പരിമിതിയുള്ളവർക്കുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡിസബിലിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് ഭിന്നശേഷിപ്രതിരോധം, ചികിത്സാ-പുനരധിവാസ-പരിശീലന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനായി കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ സൈക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലായി കമ്യൂണിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് സാമൂഹ്യനീതിവകുപ്പ് 2015-16 മുതൽ തുടർച്ചയായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് CDMRP (Community Disability Management and Rehabilitation Programme)

1. ഈ പദ്ധതിക്കു കീഴിൽ കോഴിക്കോട് ,മലപ്പുറം ,കണ്ണൂർ എന്നീ മൂന്നു ജില്ലകളിലുമായി 10 കമ്യൂണിറ്റി ബെയ്സ്ഡ് ഡിസബിലിറ്റി മാനേജ്മെൻറ് ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു.
2. കാലിക്കറ്റ് യൂണിവേഴ്സിറ്റി മനഃശാസ്ത്ര വിഭാഗത്തിനു കീഴിൽ ആധുനിക സൌകര്യങ്ങളോടു കൂടിയ അഡ്വാൻസ്ഡ് ഡിസബിലിറ്റി മാനേജ്മെന്റ് ക്ലിനിക്കും പ്രവർത്തിച്ചു വരുന്നു. ഈ ക്ലിനിക്കുകളിൽ തെറാപ്പി സേവനങ്ങൾ സൗജന്യമായി നൽകി വരുന്നു.
3. അതോടൊപ്പം 18 വയസ്സു കഴിഞ്ഞ ഭിന്നശേഷിക്കാർക്കായി ഒരു Pre-Vocational Training Centre പ്രവർത്തിച്ചു വരുന്നു.
4. Community Based Early Intervention Centre എന്നിവയും നടന്നു വരുന്നു.
5. ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾ, കമ്യൂണിറ്റി വളണ്ടിയേഴ്സ്, അധ്യാപകർ, വിവിധ പ്രൊഫഷണലുകൾ എന്നിവർക്കായി വിവിധ പരിശീലന പ്രവർത്തനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി വിജയകരമായി നടന്നു വരുന്നു.
6. Developmental Disability മേഖലയിൽ ഗവേഷണ പ്രവർത്തികളും നടന്നു വരുന്നു.

p. സംസ്ഥാന ഭിന്നശേഷി ദിനാചരണവും അവാർഡ് വിതരണവും - അന്താരാഷ്ട്ര ഭിന്നശേഷി ദിനമായ ഡിസംബർ 3 സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ ആചരിച്ചു വരുന്നു. ജില്ലാതലത്തിൽ ഭിന്നശേഷിക്കാർക്കായി കലാ-കായിക മേളകളും, വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ജില്ല കേന്ദ്രീകരിച്ച് സംസ്ഥാനതല ആഘോഷങ്ങളും സംഘടിപ്പിക്കുകയും അതോടൊപ്പം ഭിന്നശേഷിക്കാർക്കുള്ള സംസ്ഥാന അവാർഡ് വിതരണവും നടത്തുന്നു.

a. ബാരിയർ ഫ്രീ കേരള പദ്ധതി - സംസ്ഥാനത്തെ എല്ലാ പൊതു ഇടങ്ങൾ, കെട്ടിടങ്ങൾ- വാർത്താ വിനിമയ- ഗതാഗത സൗകര്യങ്ങൾ എന്നിവ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതി.

b. പ്രത്യാശ പദ്ധതി - സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്ഷേമ സ്ഥാപനങ്ങളിലേയും ഓർഫനേജ് കണ്ട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചു വരുന്നതും സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിച്ചു വരുന്നതുമായ

സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിലും മാനസ്സിക രോഗം ഭേദമായിട്ടും / നിയന്ത്രണ വിധേയമായിട്ടും സ്വന്തം വീടുകളിൽ പോകുവാനോ കുടുംബത്തെ കണ്ടെത്തുവാനോ കഴിയാത്ത അന്യസംസ്ഥാനക്കാരെ സ്വന്തം ഭവനങ്ങളിലോ / കുടുംബത്തിലോ / സ്വദേശത്തേയ്ക്കോ എത്തിയ്ക്കുന്ന പദ്ധതിയാണ് പ്രത്യാശ പദ്ധതി.

ക്രമ നം. (a) മുതൽ (i) വരെയുള്ള പദ്ധതികൾക്ക് സാമൂഹ്യനീതി വകുപ്പിന്റെ **suneethi.sjd.kerala.gov.in** എന്ന പോർട്ടൽ വഴി ഓൺലൈനായി ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. മറ്റു പദ്ധതികൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കണം.

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിനായി പുണ്യഭവൻ, കോഴിക്കോട് എന്ന സ്ഥാപനവും പുരുഷൻമാർക്കായി പ്രതീക്ഷാ ഭവൻ, മലപ്പുറം എന്ന സ്ഥാപനവും, സ്ത്രീകൾക്കായി പ്രത്യാശാ ഭവൻ, തൃശ്ശൂർ ഉം പ്രിയാ ഹോം (സ്ത്രീകൾ), കൊല്ലം എന്ന സ്ഥാപനവും വകുപ്പിന്റെ കീഴിൽ പ്രവർത്തിയ്ക്കുന്നു.

**RPwD Act Section 34** ൽ ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് സർക്കാർ എസ്റ്റാബ്ലിഷ്മെന്റുകളിൽ ഓരോ തസ്തികയിലെയും കേഡർ സ്ട്രെങ്ത്തിലുണ്ടാവുന്ന ഒഴിവുകളുടെ **4 %** ൽ കുറയാത്ത സംവരണം അനുവദിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സെക്ഷൻ പ്രകാരം, **1%** സംവരണം താഴെ പറയുന്ന ഭിന്നശേഷി വിഭാഗങ്ങൾക്കായി നൽകിയിട്ടുണ്ട്.

**(c) Locomotor Disability including cerebral palsy, leprosy cured , dwarfism, acid attack victims, and Muscular Dystrophy**

**(d) Autism, intellectual Disability, Specific Learning Disability and mental illness.**

സാമൂഹിക സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്.

**2. a)** സ്വാശ്രയ പദ്ധതി - ഭർത്താവ് ഉപേക്ഷിച്ചതോ/ മരണപ്പെട്ടതോ ആയതും തീവ്ര ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കേണ്ടി വരുന്നതുമായ മാതാവിന്/രക്ഷിതാവിന് (സ്ത്രീകൾ) സ്വയം തൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ **35000/-** രൂപ ധനസഹായം അനുവദിക്കുന്നു. സാമൂഹ്യനീതി വകുപ്പിന്റെ **suneethi.sjd.kerala.gov.in** എന്ന 'സുനീതി' പോർട്ടൽ വഴി ഓൺലൈനായി ജില്ലാ സാമൂഹ്യനീതി ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**b)** സ്നേഹയാനം - നാഷണൽ ട്രസ്റ്റ് നിയമത്തിൽ ഉൾപ്പെട്ട ഭിന്നശേഷിക്കാരുടെ നിർധനരരും മറ്റ് വരുമാന മാർഗ്ഗങ്ങൾ ഒന്നും ഇല്ലാത്തവരും ഭർത്താവ് ഉപേക്ഷിച്ചതോ/മരിച്ചതോ ആയ അമ്മമാർക്ക് സൗജന്യ ഇലക്ട്രിക് ഓട്ടോ നല്കുന്ന പദ്ധതി.

c) NISH ONLINE INTERACTIVE DISABILITY AWARENESS SEMINAR (NIDAS) - ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾക്കും, ഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്കും പരിശീലനം നൽകുന്ന പദ്ധതി. ജില്ലാ സാമൂഹ്യനീതി ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

3. ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ കാര്യത്തിൽ വിവിധ സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള വരുമാന പരിധി, പ്രസ്തുത പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം വിവിധ വരുമാനപരിധിയാണ്. വിവിധ പദ്ധതികൾക്കായി നിഷ്കർഷിച്ചിട്ടുള്ള വരുമാന പരിധി. മറ്റ് മാനദണ്ഡങ്ങൾ എന്നിവ **suneethi.sjd.kerala.gov.in** എന്ന പോർട്ടലിൽ ലഭ്യമാണ്. ടി വരുമാന പരിധി നിലവിൽ പദ്ധതി നടത്തിപ്പിനായി ഭരണാനുമതി ലഭ്യമായ സർക്കാർ ഉത്തരവുകളുടെ തീയതി മുതൽ പ്രാബല്യത്തിൽ വന്നതാണ്.

4. ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ കാര്യത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് ഭൂപരിധി ബാധകമല്ല.

5.ബുദ്ധിമാന്ദ്യം സംഭവിച്ചവരെ സംബന്ധിച്ചുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് സാമൂഹ്യനീതി വകുപ്പും അതിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ) കേരള സാമൂഹ്യ സുരക്ഷാമിഷൻ, സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നീ ഏജൻസികളും പ്രവർത്തിക്കുന്നു. കൂടാതെ റവന്യൂ തദ്ദേശ സ്വയം ഭരണം, ആരോഗ്യം, പട്ടിക വർഗ്ഗ വികസനം മുതലായ വകുപ്പുകൾ കൂടി പ്രവർത്തിക്കുന്നുണ്ട്.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ് അപ്പീൽ അധികാരിയ്ക്ക് 30 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**സുഭാഷ് കുമാർ കെ.വി**
**ജോയിന്റ് ഡയറക്ടർ & അപ്പീൽ അധികാരി,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**വികാസ് ഭവൻ 5th Floor,**
**തിരുവനന്തപുരം.**

വിശ്വസ്തതയോടെ,

**ശ്രീജ ചന്ദ്രൻ**
**സീനിയർ സൂപ്രണ്ട് &**
**സ്റ്റേറ്റ് പബ്ലികഇൻഫർമേഷൻ ഓഫീസർ,**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്,**
**തിരുവനന്തപുരം.**